വെള്ളായണി കാർഷിക കോളേജിന്റെ നെൽപ്പാടങ്ങളിൽ തെങ്ങുകൃഷിചെയ്യുന്നതിനുള്ള നടപടികൾ

210 [226] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി കാർഷിക കോളേജിന്റെ കൈവശമുള്ള നെൽപ്പാടം നെൽകൃഷിചെയ്യാതെ തെങ്ങുകൃഷി ചെയ്യുന്നതിനുള്ള നടപടികൾ കോളേജധികൃതർ സ്വീകരിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നെൽപ്പാടത്തെ തെങ്ങിൻതോപ്പായി മാറ്റുന്നതിനുള്ള നിയമപരമായ അനുവാദം കോളേജധികൃതർക്ക് കിട്ടിയിട്ടുണ്ടോ ?

ഉത്തരം

(എ) വെള്ളായണി കാർഷിക കോളേജിന്റെ അധീനതയിലുള്ള കായൽനിലങ്ങളിൽ നെൽക്കൃഷിക്ക് അനുയോജ്യമല്ലാത്ത ഉയർന്ന കരഭൂമികളുടെ ഒരുഭാഗം മാത്രമാണ് തെങ്ങിൻതൈകൾ നടുന്നതിന് ഉപയോഗിച്ചിട്ടുള്ളത്.

(ബി) നെൽപ്പാടത്തെ തെങ്ങിൻതോപ്പാക്കി മാറ്റുന്നതിന് ഉദ്ദേശ്യമില്ല.

റബ്ബർ ഇറക്കുമതി

211 [227] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984-85, 1985-86 എന്നീ വർഷങ്ങളിൽ ഓരോവർഷവും എത്ര ടൺ റബ്ബർ വീതം കേന്ദ്രസർക്കാർ ഇറക്കുമതി ചെയ്തിട്ടുണ്ടെന്നറിയാമോ;

(ബി) മേൽപ്പറഞ്ഞ വർഷങ്ങളിൽ കേന്ദ്രസർക്കാർ റബ്ബർ ഇറക്കുമതിചെയ്തത് സംസ്ഥാനഗവൺമെന്റുമായി ആലോചിച്ചശേഷം ആയിരുന്നുവോ;

(സി) ഈ വർഷം ഇനിയും റബ്ബർ ഇറക്കുമതിചെയ്യുന്നത് തടയാൻ സംസ്ഥാനം കൈക്കൊള്ളാൻപോകുന്ന നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ അംഗീകൃത റബ്ബർ ഇറക്കുമതി എജൻസിയായ സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ 1984-85-ൽ 32,408 ടണ്ണും 1985-86-ൽ 36,026 ടണ്ണും സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്തിട്ടുണ്ട്.

(ബി) റബ്ബർ ബോർഡ്, കേന്ദ്ര വാണിജ്യവകുപ്പ്, വ്യവസായ വികസന വകുപ്പ് എന്നിവയുടെ പ്രതിനിധികൾ കൂട്ടായി ആലോചിച്ചാണ് റബ്ബർ ഇറക്കുമതി ചെയ്യുന്നത്. സംസ്ഥാന സർക്കാരുമായി ആലോചിക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly